- കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ക്യാൻസർ സുരക്ഷാ പദ്ധതി
- ചിസ് പ്ലസ്
- കാരുണ്യ ബെനവലന്റ് ഫണ്ട്
- എൻഡോസൾഫാൻ ബാധിതർക്കുള്ള സൗജന്യ ചികിത്സാ പദ്ധതി
- പട്ടികവർഗ്ഗക്കാർക്കുള്ള സൗജന്യ ചികിത്സാ പദ്ധതി
- പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം
- കേന്ദ്ര ആരോഗ്യവകുപ്പുമന്ത്രിയുടെ രാഷ്ട്രീയ ആരോഗ്യനിധിയിൽ നിന്നുള്ള ധനസഹായം
- സുകൃതം പദ്ധതി

(ഇ) ആർ.സി.സി.-യിൽ എത്തുന്ന രോഗികളുടെ എണ്ണത്തിൽ വർദ്ധനവ് കാണപ്പെട്ടതിനെത്തുടർന്ന് കേരളത്തിലെ ക്യാൻസർ രോഗികളുടെ എണ്ണം ശാസ്ത്രീയമായി തിട്ടപ്പെടുത്തുന്നതിനുവേണ്ടി തിരുവനന്തപുരം ആർ.സി.സി. "കേരള ക്യാൻസർ രജിസ്ട്രി" തുടങ്ങിയിട്ടുണ്ട്.

(എഫ്) ക്യാൻസർ രോഗ ചികിത്സയ്ക്കായി വിദേശ രാജ്യങ്ങളിൽ നിലവിലുള്ള ചികിത്സാ സമ്പ്രദായങ്ങൾ ഇപ്പോൾ ആർ.സി.സി.-യിൽ ലഭ്യമാണ്.

രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ.) പദ്ധതി

50 (757) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ നടപ്പാക്കിവന്ന രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ.) പദ്ധതി നിശ്ചലമായത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ ;

(ബി) നവജാത ശിശുക്കൾ മുതൽ 18 വയസ്സുവരെയുള്ളവർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കാൻ ലക്ഷ്യമിട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാര്യക്ഷമമായി നടന്നിരുന്നതാണ് പ്രസ്തുത പദ്ധതി എന്നത് വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനായി കേന്ദ്ര സർക്കാരിൽ നിന്നും എത്ര തുകയാണ് ധനസഹായമായി ലഭിച്ചത്; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം മരുന്നുകളാണ് ആശുപത്രികളിൽ ഉണ്ടായിരുന്നത് ?

ഉത്തരം

(എ) ജില്ലകളിലെ സർക്കാർ ആശുപത്രികളിലും തിരുവനന്തപുരം ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിയിലും പദ്ധതി നടന്നുവരുന്നു. പദ്ധതി പ്രകാരം 30 ആരോഗ്യ പ്രശ്നങ്ങൾക്കാണ് സൗജന്യ ചികിത്സ നൽകിവരുന്നത്. ആശുപത്രികളിൽ ലഭ്യമല്ലാത്ത മരുന്നും പരിശോധനകളും ആർ.എസ്.ബി.വൈ. എംപാനൽഡ് സ്ഥാപനങ്ങൾ വഴിയാണ് നടത്തിവരുന്നത്. കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായത്തിന് കാലതാമസം നേരിടുന്ന അവസരങ്ങളിൽ ആശുപത്രികളിലെ എച്ച്.എം.സി. ഫണ്ട് താൽക്കാലികമായി ഉപയോഗിക്കുകയും കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഈ തുക തിരിച്ചടയ്ക്കുകയും ചെയ്ത് പദ്ധതി നടന്നുവരുന്നു.

(ബി) രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ.) എന്ന നവജാത ശിശുക്കൾ മുതൽ 18 വയസ്സുവരെയുള്ളവർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കാൻ ലക്ഷ്യമിട്ട് നടന്നുവരുന്ന പദ്ധതി കേന്ദ്രസർക്കാർ 2013-2014 ഒക്ടോബർ മാസത്തിലാണ് തുടക്കമിട്ടത്. ശേഷം പദ്ധതി രൂപീകരണം, വിവിധ മേഖലകളിലുള്ളവർക്ക് പരിശീലന പരിപാടികൾ, ഓറിയന്റേഷൻ മുതലായവ കേന്ദ്ര സർക്കാർ രൂപീകരിക്കുന്ന മുറയ്ക്ക് നടന്നുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2013-14 സാമ്പത്തിക വർഷം 21.55 കോടി രൂപയും 2014-15 സാമ്പത്തിക വർഷം 14.25 കോടി രൂപയും കേന്ദ്ര സർക്കാർ അംഗീകരിച്ചു

(ഡി) പ്രസ്തുത പദ്ധതി പ്രകാരം 18 വയസ്സുവരെയുള്ള കുട്ടികളുടെ സർവ്വസാധാരണമായ അസുഖങ്ങളും ചികിത്സ ഭേദമാക്കാൻ കഴിയുന്നവയും സമയാധിഷ്ഠിതമായ ഇടപെടൽമൂലം മെച്ചപ്പെടുത്താൻ കഴിയുന്നതുമായ അസുഖങ്ങളാണ് ആർ.ബി.എസ്.കെ.-യിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത്തരം അസുഖങ്ങൾക്ക് വേണ്ടിയുള്ള മരുന്നുകൾ മിക്കവയും സർക്കാർ ആശുപത്രികൾ വഴി സൗജന്യമായി നൽകിവരുന്നവയാണ്. ലഭ്യമല്ലാത്ത മരുന്നുകൾ കാരുണ്യ, നീതി, ആർ.എസ്.ബി.വൈ - എംപാനൽഡ് മെഡിക്കൽ ഷോപ്പുകൾ വഴി ലഭ്യമാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly